പ്രസിഡെണ്ട്.—ഗവർമ്മേണ്ടിനോട് രേഖാമൂലം അല്ലാതെ വാക്കു മൂലം അപേക്ഷിക്കുന്നതെങ്ങനെ? ഇന്നാളാണ് അപേക്ഷിച്ചിട്ടുള്ളതെന്ന് പറഞ്ഞാൽ പക്ഷെ ഉത്തരം പറയാം.

മിസ്റ്റർ കെ. പി. കറുപ്പൻ.—വല്ലവരും അപേക്ഷിച്ചിരിക്കുമെന്നുള്ള ഉൗഹത്തിന്മേലാണ് ചോദിക്കുന്നത്.

പ്രസിഡെണ്ട്.—എന്നാൽ എന്നോടൊ മിസ്റ്റർ മത്തായിയോടൊ ആരും അങ്ങനെ പറഞ്ഞിട്ടില്ല.

255. മിസ്റ്റർ കെ. പി. കറുപ്പൻ.—അമിതവ്യയ സാദ്ധ്യകളായ വിദേശഭാഷകളെ ആരാഞ്ഞാരാധിക്കുന്നതിൽ അനൌചിത്യമില്ലെങ്കിലും നമ്മുടെ നാട്ടുഭാഷകളായ മലയാളത്തേയും സംസ്കൃതത്തേയും ആദരിക്കാതിരിക്കുന്നതിൽ വെച്ചുണ്ടാകുന്ന ദോഷങ്ങളേപ്പറ്റി ഗവർമ്മേണ്ട് ആലോചിക്കുന്നുണ്ടൊ?

മിസ്റ്റർ സി. മത്തായി.— ആദരിക്കാതിരിക്കുന്നില്ല.

The pay of the Sanskrit and Malayalam Pandits.

മിസ്റ്റർ കെ. പി. കറുപ്പൻ.—തിരുവിതാങ്കൂറിൽ കോളേജുകളിലും ഹൈസ്കൂളുകളിലും ഉള്ള സംസ്കൃത മലയാളപണ്ഡിതന്മാർക്ക് ലഭിക്കപ്പെട്ടവരുന്ന ശമ്പളത്തിന്റെ തുക എത്രയാണെന്ന് സദയം അന്വേഷിച്ചിട്ടുണ്ടൊ?

256. മിസ്റ്റർ സി. മത്തായി.— അന്വേഷിച്ചിട്ടുണ്ട്.

അവിടത്തെ ശമ്പളനിരക്ക് താഴെ ചേർക്കുന്നു.

കാളേജ്.

ക. ൫൹-൭-൫൹-൶൦-൶൦൹.

ഹൈസ്കൂൾ.

ക. ൨൭-൭/൨-൪൹-൭/൯-൪൭.

Fishing stakes.

257. മിസ്റ്റർ കെ. പി. കറുപ്പൻ.—(a) ഉൗന്നികളിൽ (in fishing stakes) കിട്ടിവന്നിരുന്ന ആദായത്തിന് അടുത്ത നാലഞ്ചു സംവത്സരങ്ങൾ തുടങ്ങി വലിയ ഇടിവ് തട്ടിയിട്ടുള്ളതായി അറിയാമൊ;

(b) പുറമ്പോക്കു പുഴകളിൽ നിന്നും ചാൽനിലങ്ങളിലേക്ക് പലരും ചെമ്മീൻ മത്സ്യത്തെ കയറ്റി വാറ്റി പിടിക്കുന്നുണ്ട്; ഈ സമ്പ്രദായം നെൽകൃഷിക്കും ഉൗന്നി, ചീനവല (Chinese net) മുതലായ മത്സ്യബന്ധനസ്ഥാപകങ്ങൾക്കും എത്രമേൽ ഉപദ്രവകരമാണെന്ന് ഗവർമ്മേണ്ട് അന്വേഷിച്ചിട്ടുണ്ടൊ;

(c) മുളവുകാട് വില്ലേജിൽ പെട്ടതും മുളവുകാട് കിഴക്കുവശം കിടക്കുന്നതും ആയ പുഴ വളരെ വിസ്താരം കുറഞ്ഞതാകുന്നു. ആ പുഴ സംബന്ധിച്ച് കിടക്കുന്ന നിലങ്ങളിൽ മത്സ്യം കയറ്റി വാറുന്നമൂലം അവിടെ നാട്ടിയിരിക്കുന്ന കല്ലുംപുറം, ചുങ്കം, കളത്തുങ്കടവ് മുതലായ ഉൗന്നികളിലെ ആദായം തീരെ കുറഞ്ഞിരിക്കുന്ന സംഗതി ഗവർമ്മേണ്ട് അറിയുമൊ;

LIBRARY ARCHIVES Kerala Legislative Assembly

(d) മളവുകാട് വില്ലേജിൽ പെട്ട പനമ്പുകാട്, വല്ലാർപാടം മുതലായ ദേശങ്ങളിൽ പുറമ്പോക്ക് പുഴകളിൽ നിന്നും ചെമ്മീൻ വാറി പിടിക്കുന്നതിന് നിലക്കാർ ഉപ്പുവെള്ളം കയറി കൊടുക്കുന്നതിനാൽ അവിടങ്ങളിൽ ശുദ്ധജലം ദുർല്ലഭമായി തീരുകയും നെൽകൃഷി മോശപ്പെടുകയും സാധുക്കളായ മത്സ്യതൊഴിൽക്കാർ കഷ്ടപ്പെടുകയും ചെയ്യുന്ന സംഗതി ഗവർമ്മേണ്ടിന്റെ അറിവിൽ പെട്ടുണ്ടൊ;

(e) വളച്ച് പൂത്തിയാകാത്ത മത്സ്യങ്ങളെ നിലങ്ങളിൽ കയറി വാറിപ്പിടിച്ച് കളയുന്നതിനാൽ മത്സ്യാല്പനങ്ങൾക്ക് എണ്ണത്തിലും വിണ്ണത്തിലും ഇടിവു തട്ടിവരുന്നതിന്റേയും ഈ സമ്പ്രദായം നീണ്ടുനില്ക്കാൻ അനുവദിക്കുന്നപക്ഷം ചെമ്മീൻ തരങ്ങൾ തീരെ നശിച്ചുപോകുമെന്നുള്ളതിന്റേയും തത്സംബന്ധമായ ഗവർമ്മേണ്ടിന്റെ ആലോചനക്ക് വിഷയമായിട്ടുണ്ടൊ?

റാവുസാഹിബ്ബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—(a) ഇല്ല. ആദായത്തിൽ പറയത്തക്ക കുറവില്ല.

(b) ഇല്ല.

(c) & (d) ഇല്ല.

(e) ഉവ്വ്.

മിസ്റ്റർ കെ. പി. കുട്ടപ്പൻ.— ആദായത്തിൽ പറയത്തക്ക കുറവൊന്നും ഉണ്ടായിട്ടില്ലെന്ന് എങ്ങനെ അറിവു കിട്ടിയെന്ന് പറയാമൊ?

റാവുസാഹിബ്ബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ആദായത്തിൽ കുറവുണ്ടെന്ന് യാതൊരു ആക്ഷേപവും കിട്ടീട്ടില്ല. അതുകൊണ്ടാണ് അങ്ങനെ പറയുന്നത്. ക്രമാതെ ഉയന്നികളെ ഒഴിവാക്കിയതുകൊണ്ടും ആക്ഷേപം വന്നിട്ടില്ല.

മിസ്റ്റർ കെ. പി. കുട്ടപ്പൻ.—ഉയന്നികം വർദ്ധിപ്പിയ്ക്കുന്നത് കരംകൊടുക്കാൻ നിവൃത്തി ഇല്ലാത്തതുകൊണ്ടാണ്.

റാവുസാഹിബ്ബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ആദായം ഇല്ലാത്തതിനാലൊ കരം കൊടുക്കാൻ സാധിക്കാത്തതുകൊണ്ടൊ അല്ല ഉയന്നികം വർദ്ധിപ്പിച്ചിട്ടുള്ളത്. ഹാർബർ പണിയുടെ ആവശ്യമനുസരിച്ചാണ്.

മിസ്റ്റർ കെ. പി. കുട്ടപ്പൻ.— ആദായക്കുറവുകൊണ്ട് കരം കൊടുക്കാൻ നിവൃത്തിയില്ലാതെ വർദ്ധിപ്പിയ്ക്കുന്നതായി ചില സ്ഥലങ്ങളും എനിക്കു അറിവുണ്ട്.

റാവുസാഹിബ്ബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ചില സ്ഥലങ്ങളിൽ ഉണ്ടായിരിക്കാം. ഇവിടെ പറഞ്ഞതു പൊതുവെയാണ്.

പ്രസിഡെണ്ട്.—ഏതു സ്ഥലത്താണ് അങ്ങനെ സംഭവിച്ചതെന്നു വിശദമാക്കി പറഞ്ഞാൽ മറുപടി പറയാൻ സൌകര്യം ഉണ്ടാകും.

മിസ്റ്റർ കെ. പി. കുട്ടപ്പൻ.—പോഞ്ഞിക്കര ഏലിയാപ്പാട് മുതലായ ചില ഉയന്നികം കരം കൊടുക്കാൻ നിവൃത്തി ഇല്ലാതെ വർദ്ധിപ്പിച്ചിട്ടുണ്ട്. മളവുകാട് വില്ലേജിലും മറ്റു വില്ലേജുകളിലും അപ്രകാരം ഉ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായിട്ടുണ്ട്. എന്നുമാത്രമല്ല 86-നുശേഷം നികുതി കൊടുക്കാൻ സംഘടിക്കാതെ അനവധി ഉന്നികൾ റദ്ദാക്കിട്ടുണ്ട്. ആ സ്ഥിതിക്ക് അനുഭവത്തിൽ കുറവില്ലെന്നു ഏതു സംഗതിയെ അടിസ്ഥാനപ്പെടുത്തിയാണു് തീച്ചപ്പെടുത്തിയതെന്നാണ് എന്റെ ചോദ്യം.

റാവു സാഹിബ് മിസ്റ്റർ ടി. വി. കല്യാണരാമയ്യർ.—അമാതിരി ആക്ഷേപം ഇല്ലായ്കയെ അടിസ്ഥാനപ്പെടുത്തിത്തന്നെ.

മിസ്റ്റർ കെ. പി. കറുപ്പൻ.—ഇപ്പോൾ നിലങ്ങൾ വാരി മത്സ്യം പിടിക്കുന്നുണ്ട്. അതു് പണ്ടു് ഉണ്ടായിരുന്നില്ല. ആ സമ്പ്രദായം വളരെ ദോഷത്തെ ചെയ്യുന്നുണ്ട്. പണ്ടുകാലങ്ങളിൽ ഇരുപതു് കണ്ടി ചെമ്മീൻ പരിപ് കയറ്റി അയയ്ക്കാൻ സാധിച്ചിരുന്ന ഉന്നി ഉടമസ്ഥന്മാർ ഈ സമ്പ്രദായം നടപ്പിലാക്കിയതിൽ പിന്നീടു് അഞ്ചുകണ്ടി തികച്ചു അയയ്ക്കാൻ സാധിക്കുന്നില്ല. അതിനുകാരണം ഈ 'പാര' സമ്പ്രദായം തന്നെ. ഇതു് ചെമ്മീനിന്റെ വളച്ചയെ തടസ്ഥപ്പെടുത്തുന്നതാണു്. ഈ സമ്പ്രദായവും ഏറ്റത്തിനു മീൻ പിടിക്കുന്ന ഏർപ്പാടും പണ്ടുണ്ടായിരുന്നില്ല; എന്നല്ല നിഷിദ്ധവും ആയിരുന്നു.

പ്രസിഡണ്ട്.—ഇതു് വലിയ വിവരണം ആണല്ലൊ. എന്നാൽ മത്സ്യബന്ധത്തെപ്പറ്റി ഒരു റെസല്യൂഷൻ കൊണ്ടുവരികയല്ലെ നല്ലതു്?

മിസ്റ്റർ കെ. പി. കറുപ്പൻ.—നല്ലതു, സർ; അതു പിറകെ വരുന്നു. ഈ കാര്യത്തെപ്പറ്റി അവിടെ ശരിയായ ജ്ഞാനം ഉണ്ടായിരിക്കാൻ ഇടയില്ലാത്തതുകൊണ്ടു് സന്ദർഭവശാൽ ഇതുയും പറയാനിടയായതാണു്.

Increased facilities for the trade in fish manure.

258. മിസ്റ്റർ കെ. പി. കറുപ്പൻ — പഞ്ചസാര, ചുക്കു്, കരുമുളകു് മുതലായ പദാർത്ഥങ്ങളേക്കാൾ കൂടുതൽ വിലകിട്ടുന്നതു ചെമ്മീൻ പരിപ്പിനാണു്. ഇതുയും അധികം വിലയുള്ള ഒരു ഉല്പന്നത്തിന്റെ വ്യവസായത്തെ പരിഷ്കരിക്കുന്നതിൽ ഗവർമ്മെണ്ടു് ഒരു നടവടിയും നടത്താതിരിക്കുന്നതിന്റെ കാരണം സദയം വെളിപ്പെടുത്തുമൊ?

റാവു സാഹിബ് മിസ്റ്റർ ടി. വി. കല്യാണരാമയ്യർ.— പ്രസ്തുത വ്യവസായ പോഷണവിഷയത്തെപ്പറ്റി എക്കണോമിക് ഡെവലപ്പ്മെന്റ് കമ്മിറ്റി ആലോചിക്കുന്നതാണു്.

The number of interpellations in the year 1101.

259. Dr. A. G. Menon.—Will the Government be pleased to place on the table,—

(1) the number of interpellations received by the Legislative Council Secretary in the year 1101;

(2) the dates on which they were received;

(3) the dates on which they were forwarded to the Government;

(4) the number of questions which remain unanswered?

LIBRARY ARCHIVES Kerala Legislative Assembly